നം.154/ബി/2022/കെ.എസ്/ടി.എസ്.ആർ

തീയ്യതി: 23.04.2022

# ടെണ്ടർ നോട്ടീസ്

തൃശ്ശൂർ ജില്ലയിലെ ബുക്ക് സോർട്ടിംഗ് ഹബ്ബിന് കീഴിലുള്ള വിവിധ സൊസൈറ്റികളിലേക്ക് തൃശ്ശൂർ അരണാട്ടുകര ബുക്ക് സോർട്ടിംഗ് ഹബ്ബിൽനിന്നും പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് ഡ്രൈവർ ഉൾപ്പെടെ ഗുഡ്സ് വാഹന സൗകര്യം ഒരുക്കുന്നതിനായി അംഗീകൃത സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും മത്സര സ്വഭാവമുള്ള സീൽഡ് ടെണ്ടറുകൾ ക്ഷണിച്ചുകൊള്ളുന്നു. കുടുംബശ്രീ ജില്ലാമിഷൻ ഓഫീസിലാണ് ടെണ്ടർ സമർപ്പിക്കേണ്ടത്.

***ടെണ്ടറുകൾ സമർപ്പിക്കുമ്പോൾ ചുവടെ പറയുന്ന നിബന്ധനകൾ കർശനമായി പാലിക്കേണ്ടതാണ്.***

1. അടങ്കൽ തുകയുടെ 2.5 ശതമാനം (27500/- രൂപ) ഇ.എം.ഡി തുക 'District Mission Coordinator, Kudumbashree,Thrissur' എന്ന പേരിൽ ടെണ്ടർ രേഖകളോടൊപ്പം DD ആയി സമർപ്പിക്കേണ്ടതാണ്.
2. ടെണ്ടറിൽ പങ്കെടുക്കുന്നവർ 200 രൂപയുടെ മുദ്രപ്പത്രത്തിൽ പ്രാഥമിക എഗ്രിമെന്റ് സമർപ്പിക്കേണ്ടതാണ്.
3. വാഹനസൗകര്യം ഒരുക്കുന്നവർ കേരളത്തിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ ലഭ്യമാക്കേണ്ടതാണ്.
4. ജില്ലയിലെ പാഠപുസ്തക ഹബ്ബിൽ നിന്നും വിവിധ സൈറ്റുകളിലേക്കുള്ള പാഠപുസ്തക വിതരണത്തിന് ആവശ്യമായ വാഹനം ലഭ്യമാക്കുന്നത് വാഹന ഉടമകളുടെ ഉത്തരവാദിത്തമായിരിക്കും.
5. കരാർ ലഭിച്ചവർ ഒരുവർഷത്തെ പാഠപുസ്തക വിതരണം പൂർത്തിയാകുന്നതുവരെ വാഹനം ഡ്രൈവർ ഉൾപ്പെടെ ലഭ്യമാക്കാൻ ബാധ്യസ്ഥരാണ്.
6. പാഠപുസ്തക വിതരണം പൂർത്തിയാകുന്നതുവരെ കരാറിൽനിന്ന് വാഹന ഉടമകൾ പിന്മാറാൻ പാടുള്ളതല്ല.
7. പാഠപുസ്തക വിതരണം പൂർത്തിയാക്കുന്നതിനുള്ള കരാറിൽ നിന്ന് പിന്മാറിയാൽ പിഴയായി 15000/ രൂപ വാഹന ഉടമയിൽനിന്ന് ഇടാക്കുന്നതാണ്.
8. വാഹനം സംബന്ധിച്ച വിവരങ്ങൾ (MT – മെട്രിക് ടൺ)
   - 1 MT കപ്പാസിറ്റിയുള്ള ഗുഡ്സ് വാഹനം
   - 1-3 MT കപ്പാസിറ്റിയുള്ള ഗുഡ്സ് വാഹനം
   - 3-5 MTകപ്പാസിറ്റിയുള്ള ഗുഡ്സ് വാഹനം
9. ഓരോ ഇനം വാഹനങ്ങൾക്കും 50 കിലോമീറ്റർ ദൂരത്തിനുള്ള മിനിമം ചാർജ്ജും അധിക (ഒരു കിലോ മീറ്റർ) ദൂരത്തിനുള്ള നിരക്കുമാണ് രേഖപ്പെടുത്തേണ്ടത്

10\. ടെണ്ടർ അംഗീകരിച്ച് ലഭിക്കുന്ന വ്യക്തി അടങ്കൽ തുകയുടെ 5% സെക്യൂരിറ്റി ഡെപ്പോസിറ്റായി നൽകേണ്ടതും, ടെണ്ടർ തുകയുടെ 0.1% രൂപയുടെ മുദ്രപത്രത്തിൽ ഫൈനൽ എഗ്രിമെന്റ് വയ്ക്കേണ്ടതുമാണ്.

10\. കരാർ ഉറപ്പിക്കുന്ന വ്യക്തിയുടെ ഇ.എം.ഡി, സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ നിശ്ചിത കാലാവധിക്കുശേഷമേ തിരിച്ചു നൽകുകയുള്ളു.

11\. ഇ.എം.ഡി, ജി.എസ്.ടി എന്നിവ അടച്ചതിന്റെ സാക്ഷ്യപത്രം, പ്രാഥമിക എഗ്രിമെന്റ് എന്നിവ ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

12\. ടെണ്ടറുകൾ അംഗീകരിക്കുവാനും, നിരസിക്കുവാനുമുള്ള അധികാരം കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററിൽ നിക്ഷിപ്തമായിരിക്കും.

13\. ടെണ്ടർ വിളിക്കുന്നത് സംബന്ധിച്ച് സ്റ്റോർ പർച്ചേഴ്സ് റൂളിലെ നിലവിലുള്ള എല്ലാ നടപടികളും ഇതിനും ബാധകമാണ്.

14\. ടെണ്ടർ ഫോമിൽ തിരുത്തലുകൾ വന്നിട്ടുണ്ടെങ്കിൽ ഒപ്പുവച്ച് ആധികാരികത വരുത്തിയിരിക്കണം.

15\. ടെണ്ടർ തുറന്ന് പരിശോധിക്കുന്ന ദിവസം പൊതു അവധിയായാൽ തൊട്ടടുത്ത പ്രവർത്തി ദിവസം അതേ സമയത്ത് ടെണ്ടർ തുറക്കുന്നതാണ്.

16\. സിംഗിൾ ടെണ്ടർ തുറക്കുന്നതല്ല.

| | |
|---|---|
| ടെണ്ടറിന്റെ അടങ്കൽ തുക | 11,00,000/-രൂപ |
| ടെണ്ടർ ഫോമിന്റെ വില | 2500 + 18% ജി.എസ്.ടി |
| ടെണ്ടർ ഫോം വിൽപന അവസാനിക്കുന്ന സമയം | 03.05.2022 12 PM |
| പൂരിപ്പിച്ച ടെണ്ടർ ഫോം ലഭിക്കേണ്ട അവസാന സമയം | 03.05.2022 2 PM |
| ടെണ്ടർ തുറന്ന് പരിശോധിക്കുന്ന സമയം | 03.05.2022 3 PM |
| കൂടുതൽ വിവരങ്ങൾക്ക് : **www.kudumbashree.org** | |

കൂടുതൽ വിവരങ്ങൾക്ക് കുടുംബശ്രീ ജില്ലാമിഷൻ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

ഫോൺ നമ്പർ **0487 2362517**

OFFICE OF THE DISTRICT MISSION CO-ORDINATOR
State Poverty Eradication Mission (Govt.of Kerala) THRISSUR-3
KUDUMBASHREE PROJECT

23/4/2022

ജില്ലാമിഷൻ കോ-ഓർഡിനേറ്റർ,
കുടുംബശ്രീ, തൃശ്ശൂർ